കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 18 | മേയ് 30 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക


## അകത്താളുകളിൽ


4 മഴക്കാല വിളപരിപാലന മുന്നൊരുക്കങ്ങൾക്കായി കാർഷിക ഉദ്യോഗസ്ഥ – ശാസ്ത്രജ്ഞ മുഖാമുഖം സംഘടിപ്പിച്ചു

5 പരിസ്ഥിതി സൗഹൃദ കൃഷിയിലൂടെ ഭക്ഷ്യ സുരക്ഷയും സുസ്ഥിരവികസനവും കാലഘട്ടത്തിൻറെ ആവശ്യം : കൃഷിമന്ത്രി

7 എന്റെ കേരളം 2025 – നവകേരള കാർഷിക കാഴ്ചകളുമായി കൃഷി വകുപ്പ് പ്രദർശനസ്റ്റാൾ


# എന്റെ കേരളം പ്രദർശന മേളയിൽ ശ്രദ്ധേയമായി കൃഷി വകുപ്പ് സ്റ്റാളുകൾ

## പത്തനംതിട്ട




രണ്ടാം പിണറായി സർക്കാരിന്റെ നാലാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് പത്തനംതിട്ട ശബരിമല ഇടത്താവളത്ത് മെയ് 16 ന് ആരംഭിച്ച എന്റെ കേരളം 2025 പ്രദർശന വിപണന മേളകളയിൽ ഒരുക്കിയ കൃഷിവകുപ്പിന്റെ സ്റ്റാളുകൾ സന്നർശകർക്കിടയിൽ ശ്രദ്ധേയമായി. ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്ത മേളയിൽ തീം പവലിയനിൽ ഒരുക്കിയിരിക്കുന്ന കൃഷി വകുപ്പ് സ്റ്റാളിൽ ഡിജിറ്റൽ അഗ്രികൾച്ചർ മേഖലയിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അനുഭവഭേദ്യമാകുന്ന തരത്തിലാണ് സ്റ്റാൾ സജ്ജികരിച്ചിരിക്കുന്നത്. ഡ്രോൺ സംവിധാനത്തിന്റെ കൃഷിയിടത്തിലെ സാധ്യതകളെക്കുറിച്ച് കർഷകർക്കും പൊതുജനത്തിനും അവബോധം സൃഷ്ടിക്കുന്നതിനും ഡ്രോൺ പ്രവർത്തനം അടുത്തറിയുന്നതിനും ലൈവ് ഡെമോൺസ്ട്രഷനും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്.

കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായ കേരളഗ്രോ ഉൽപ്പന്നങ്ങളുടെയും മില്ലറ്റ് ഉൽപ്പന്നങ്ങളുടെയും പ്രദർശനവും ഒരുക്കിയിട്ടുണ്ട്. കാർഷിക സേവനങ്ങൾ ഒരു കുടക്കീഴിൽ എന്ന സമഗ്ര ആശയത്തിൽ നിലവിൽ വന്ന കതിർ ആപ്പ് രജിസ്ട്രേഷൻ ഹെല്പ് ഡെസ്കും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന ഹെൽപ്പ് ഡെസ്കുകളും തീം പവലിയനിൽ ഒരുക്കിയിരിക്കുന്നത് സന്ദർശകർക്ക് കൃഷി വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതികളെ കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. വിളകളിലെ രോഗ കീട നിയന്ത്രണം സംബന്ധിച്ച് സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്ന ക്രോപ്പ് ഹെൽത്ത് ക്ലിനിക്കും പ്ലാന്റ് ഡോക്ടർ സേവനവും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഇതിന് പുറമെ 1500 സ്ക്വയർ ഫീറ്റിൽ കൃഷി വകുപ്പ് പത്തനംതിട്ട ജില്ല ഒരുക്കിയിരിക്കുന്ന നടീൽ വസ്തുക്കളുടെയും, കാർഷിക മൂല്യ വർ


ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റൻറ് എഡിറ്റർ - സുജിത്ത് എസ്.എസ്.

ദ്ധിത ഉത്പന്നങ്ങളുടെയും പ്രദർശന വിപണന മേളയും പൊതുജന പങ്കാളിത്തം കൊണ്ട് സജീവമാണ്. കൃഷി വകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിലാണ് സജ്ജീകരിച്ചിരിക്കുന്ന "ഡിജിറ്റൽ അഗ്രികൾച്ചർ" തീം സ്റ്റാളിൽ കാർഷിക മേഖലയിലെ ആധുനിക സാങ്കേതിക വിദ്യകൾ, സാങ്കേതിക വിദ്യകൾ -"വെളിച്ചം", "അനുഭവം" എന്നീ പദ്ധതികൾ പരിചയപ്പെടുന്നതിനും തരിശുഭൂമികൾ കൃഷിയോഗ്യമാക്കുന്നതിനായി ആവിഷ്കരിച്ച നവോധൻ പദ്ധതി എന്നീ പദ്ധതികൾ പരിചയപ്പെടുന്നതിനും കതിർ ആപ്പിൽ തൽസമയ കർഷക രജിസ്ട്രേഷൻ നടത്താനും സൗകര്യമുണ്ട്.

ഇൻഫർമേഷൻ സെൻറർ, വിള ആരോഗ്യപരിപാലന കേന്ദ്രം എന്നീ സംവിധാനങ്ങളും കേരള മെയ്ഡ് ഫ്രൂട്ട് വൈൻ-നിള, കേരള ഗ്രോ ബ്രാൻഡ് ഉൽപന്നങ്ങൾ, മില്ലറ്റ് ഉല്പന്നങ്ങൾ, അഗ്രോ ക്ലിനിക് മുതലായവ കർഷകർക്കും പൊതു ജനങ്ങളകും നേരിട്ട് മനസിലാകത്തക്ക രീതിയിൽ സജീകരിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ആത്മ, കർഷക ഉത്പാദക സംഘങ്ങൾ, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, കേരള ഗ്രോ ബ്രാൻഡ് ഷോപ്പ്, മില്ലറ്റ് കഫെ, വിവിധ കാർഷിക ബ്ലോക്കുകൾ, കൃഷിക്കൂട്ടങ്ങൾ, ഫാമുകൾ തുടങ്ങിയവയിൽ നിന്നുള്ള വൈവിധ്യമേറിയ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്റ്റാളുകളും മേളയുടെ പ്രധാന ആകർഷണമാണ്. പത്തനംതിട്ട ശബരിമല ഇടത്താവളത്ത് നടക്കുന്ന എന്റെ കേരളം 2025 പ്രദർശന വിപണനമേള മെയ് 22-ന് സമാപിക്കും.

## തിരുവനന്തപുരം

രണ്ടാം പിണറായി സർക്കാറിന്റെ നാലാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് കനകക്കുന്നിൽ മെയ് 17 ന് ആരംഭിച്ച എന്റെ കേരളം 2025 പ്രദർശന വിപണന മേളകളയിൽ ഒരുക്കിയ കൃഷിവകുപ്പിന്റെ സ്റ്റാളുകൾ സന്നർശകർക്കിടയിൽ ശ്രദ്ധേയമായി. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മെയ് 17-ന് ഉദ്ഘാടനം ചെയ്ത മേളയിൽ തീം പവലിയനിൽ ഒരുക്കിയിരിക്കുന്ന കൃഷി വകുപ്പ് സ്റ്റാളിൽ ഡിജിറ്റൽ അഗ്രികൾച്ചർ മേഖലയിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന തരത്തിലാണ് സജ്ജികരിച്ചിരിക്കുന്നത്. ഡ്രോൺ സംവിധാനത്തിന്റെ കൃഷിയിടത്തിലെ സാധ്യതകളെക്കുറിച്ച് കർഷകർക്കും പൊതുജനത്തിനും അവബോധം സൃഷ്ടിക്കുന്നതിനും ഡ്രോൺ പ്രവർത്തനം അടുത്തറിയുന്നതിനും ലൈവ് ഡെമോൺസ്ട്രഷനും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായ കേരളഗ്രോ ഉൽപ്പന്നങ്ങളുടെയും മില്ലറ്റ് ഉൽപ്പന്നങ്ങളുടെയും പ്രദർശനവും ഒരുക്കിയിട്ടുണ്ട്.

കാർഷിക സേവനങ്ങൾ ഒരു കുടക്കീഴിൽ എന്ന സമഗ്ര ആശയത്തിൽ നിലവിൽ വന്ന കതിർ ആപ്പ് രജിസ്ട്രേഷൻ ഹെല്പ് ഡെസ്കും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന ഹെൽപ്പ് ഡെസ്കുകളും തീം പവലിയനിൽ ഒരുക്കിയിരിക്കുന്നത് സന്ദർശകർക്ക് കൃഷി വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതികളെ കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. വിളകളിലെ രോഗ കീട നിയന്ത്രണം സംബന്ധിച്ച് സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്ന ക്രോപ്പ് ഹെൽത്ത് ക്ലിനിക്കും പ്ലാന്റ് ഡോക്ടർ സേവനവും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ 1500 സ്ക്വയർ ഫീറ്റിൽ കൃഷി വകുപ്പ് തിരുവനന്തപുരം ജില്ല ഒരുക്കിയിരിക്കുന്ന നടീൽ വസ്തുക്കളുടെയും, കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും പ്രദർശന വിപണന മേളയും പൊതുജന



പങ്കാളിത്തം കൊണ്ട് സജീവമാണ്. കർഷക വന്യജീവി സംഘർഷം എന്ന വിഷയത്തിൽ ജില്ലാ സ്റ്റാൾ വിപുലമായി ഒരുക്കിയിട്ടുണ്ട്. കൃഷി വകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിലാണ് സജ്ജീകരിച്ചിരിക്കുന്ന "ഡിജിറ്റൽ അഗ്രികൾച്ചർ" തീം സ്റ്റാളിൽ കാർഷിക മേഖലയിലെ ആധുനിക സാങ്കേതിക വിദ്യകൾ, സാങ്കേതിക വിദ്യകൾ -"വെളിച്ചം", "അനുഭവം" എന്നീ പദ്ധതികൾ പരിചയപ്പെടുന്നതിനും തരിശുഭൂമികൾ കൃഷിയോഗ്യമാക്കുന്നതിനായി ആവിഷ്കരിച്ച നവോധൻ പദ്ധതി എന്നീ പദ്ധതികൾ പരിചയപ്പെടുന്നതിനും കതിർ ആപ്പിൽ തൽസമയ കർഷക രജിസ്ട്രേഷൻ നടത്താനും സൗകര്യമുണ്ട്.

ഇൻഫർമേഷൻ സെൻറർ, വിള ആരോഗ്യപരിപാലന കേന്ദ്രം എന്നീ സംവിധാനങ്ങളും കേരള മെയ്ഡ് ഫ്രൂട്ട് വൈൻ-നിള, കേരള ഗ്രോ ബ്രാൻഡ് ഉൽപന്നങ്ങൾ, മില്ലറ്റ് ഉല്പന്നങ്ങൾ, അഗ്രോ ക്ലിനിക് മുതലായവ കർഷകർക്കും പൊതു ജനങ്ങൾക്കും നേരിട്ട് മനസിലാകത്തക്ക രീതിയിൽ സജീകരിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ആത്മ, കർഷക ഉത്പാദക സംഘങ്ങൾ, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, കേരള ഗ്രോ ബ്രാൻഡ് ഷോപ്പ്, മില്ലറ്റ് കഫെ, വിവിധ കാർഷിക ബ്ലോക്കുകൾ, കൃഷിക്കൂട്ടങ്ങൾ, ഫാമുകൾ തുടങ്ങിയവയിൽ നിന്നുള്ള വൈവിധ്യമേറിയ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്റ്റാളുകളും മേളയുടെ പ്രധാന ആകർഷണമാണ്.

വിവിധ വകുപ്പുകൾ സംഘടിപ്പിക്കുന്ന വ്യത്യസ്തങ്ങളായ പ്രദർശന സ്റ്റാളുകൾ, വിപണന സ്റ്റാളുകൾ, ഭക്ഷ്യമേള, പ്രശസ്ത കലാകാരന്മാർ നയിക്കുന്ന കലാവിരുന്ന് എന്നിവ മേളയുടെ പ്രധാന ആകർഷണങ്ങളാണ്. രാവിലെ 10 മുതൽ രാത്രി 9 വരെ നടക്കുന്ന പ്രദർശനത്തിൽ പ്രവേശനം പൂർണമായും സൗജന്യമായിരിക്കും. ഏഴ് ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന മേളയിൽ എഴുപത്തി അയ്യായിരം ചതുരശ്ര അടിയിലാണ് പവലിയൻ ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ അമ്പത്തിനാലായിരം ചതുരശ്ര അടി പൂർണമായും ശീതീകരിച്ച പവലിയനാണ്. കിഫ്ബിയാണ് അടിസ്ഥാന സൗകര്യം ഒരുക്കുന്നത്. ആകെ ഇരുന്നൂറ്റി അമ്പത് സ്റ്റാളുകളാണുള്ളത്. ഇതിൽ 161 സർവീസ് സ്റ്റാളുകളും 89 കൊമേഴ്സ്യൽ സ്റ്റാളുകളുമാണ്. ഏപ്രിൽ 21ന് കാസർഗോഡ് നിന്നും ആരംഭിച്ച വാർഷികാഘോഷ പരിപാടികൾ മേയ് 23ന് തിരുവനന്തപുരത്താണ് സമാപിക്കുക. പുത്തരിക്കണ്ടം മൈതാനത്ത് നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

# മൃഗസംരക്ഷണ മേഖലയിലെ ദുരന്ത നിവാരണ തയ്യാറെടുപ്പ് – ശില്പശാല മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം നിർവ്വഹിച്ചു




കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ അപ്രതീക്ഷിതമായി നമ്മുടെ സംസ്ഥാനത്തെയും മൃഗസംരക്ഷണ മേഖലയെയും വലിയതോതിൽ ബാധിച്ചു വരുന്നെന്നും ഇതിനെ നേരിടുന്നതിനും പ്രത്യാഘാതങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമുള്ള ശാസ്ത്രീയമായ തയ്യാറെടുപ്പ് അനിവാര്യമാണെന്നും മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ .ചിഞ്ചുറാണി. മൃഗസംരക്ഷണ ക്ഷീര വികസന മേഖലയിലെ കാലാവസ്ഥ വ്യതിയാനവും ദുരന്ത നിവാരണ തയ്യാറെടുപ്പും എന്ന വിഷയത്തിൽ തിരുവനന്തപുരം സമേതിയിൽ സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. 2005ലെ ദുരന്തനിവാരണ നിയമവും കേന്ദ്രസർക്കാരിന്റെ നിയമങ്ങളും അടിസ്ഥാനമാക്കി വിവിധ വകുപ്പുകൾ ദുരന്തനിവാരണ പ്ലാൻ തയ്യാറാക്കി സജ്ജമാകേണ്ടത് നിയമപരമായ ബാധ്യതയാണ് മന്ത്രി പറഞ്ഞു. വിവിധ ദുരന്തങ്ങൾക്ക് സാധ്യതയുള്ള പ്രദേശങ്ങൾ അവ നേരിടാനുള്ള തന്ത്രങ്ങൾ ഇവ വകുപ്പുകളുടെ ആസൂത്രണ പരിപാടികളിലും പദ്ധതികളിലും ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രളയം, ഉരുൾപൊട്ടൽ, പക്ഷിപ്പനിപോലുള്ള മഹാമാരികൾ തുടങ്ങിയ അടിയന്തര സാഹചര്യങ്ങൾ നേരിടാൻ നാം സജ്ജരായിരിക്കണം. ഇതിനാവശ്യമായ ആസൂത്രണങ്ങൾ, പരിശീലനങ്ങൾ, ശേഷിവികസനം ഇവയ്ക്ക് വലിയ മുൻഗണനയാണ് ഈ

കാലയളവിൽ സർക്കാർ നൽകി വരുന്നത് മന്ത്രി കൂട്ടിച്ചേർത്തു.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പിന്തുണയോടെ സംസ്ഥാനതലത്തിൽ ദുരന്തനിവാരണ ആസൂത്രണവും Disaster Management പ്ലാനും തയ്യാറാക്കിയിട്ടുള്ളതായും വർദ്ധിച്ചുവരുന്ന പ്രകൃതിക്ഷോഭങ്ങൾ കണക്കിലെടുത്ത് അവയെ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് കൂടുതൽ കാലികവും വികേന്ദ്രീകൃതമാക്കുന്നത് അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. സമേതിയുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരുടെയും വിദഗ്ധരുടെയും പങ്കാളിത്തത്തോടെയാണ് ജില്ലാതലത്തിൽ ദുരന്തനിവാരണ പ്ലാൻ രൂപീകരിക്കുന്നതിനുള്ള ശില്പശാല സംഘടിപ്പിച്ചത്.

സംസ്ഥാനത്തിൻ്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കാലാവർഷക്കെടുതിയുടെ റിപ്പോർട്ടുകൾ ലഭിച്ചുതുടങ്ങിയിട്ടുണ്ടെന്നും, 2018-ലെ പ്രളയകാലത്ത് ആലപ്പുഴ,കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ മൃഗസംരക്ഷണ മേഖലയിൽ കനത്ത നഷ്ടം ഉണ്ടായിട്ടുള്ളതായും മന്ത്രി പറഞ്ഞു. പ്രളയത്തിൽ നിന്ന് രക്ഷപെട്ട പശുക്കളുടെയും മറ്റും മാറ്റി പാർപ്പിക്കൽ, പരിപാലനം, തീറ്റ എത്തിക്കൽ എന്നിവ വലിയ വെല്ലുവിളികളായിരുന്നു. അതിനാൽ തന്നെ ജില്ലാതലത്തിലും പ്രാദേശിക തലത്തിലും ഉരുക്കളെ അടിയന്തിര സാഹചര്യങ്ങളിൽ മാറ്റി പാർപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും, വെറ്ററിനറി സേവനങ്ങൾ ഉറപ്പാക്കുന്നതിനും, തീറ്റയും കുടിവെള്ളവും ഉറപ്പാക്കേണ്ടതും അത്യാവശ്യമാണ്.

ഇതിന് ആവശ്യമായ നടപടികൾ ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്വീകരിക്കണമെന്നും ഇതിനാവശ്യമായ പരിശീലനം, പദ്ധതികൾ ശേഷീവികസനം ഇവയും മുൻഗണനയോടെ ഏറ്റെടുക്കണമെന്നും മന്ത്രി പറഞ്ഞു. കാലാവസ്ഥാവ്യതിയാനത്തെ നേരിടാൻ കഴിയുന്ന സാങ്കേതിക വിദ്യകൾ, ഐലവേറ്റഡ് കാറ്റിൽ ഷെഡുകൾ, ഫോഡർ ബാങ്കുകൾ, മൊബൈൽ സേവനങ്ങൾ, അനിമൽ ഷെൽറ്ററുകൾ, മഹാമാരികളെ നേരിടാനുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകൾ, സൂര്യാഘാതം ഒഴിവാക്കാനുള്ള കർഷിക പരിശീലനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന തന്ത്രങ്ങൾ പ്രാദേശികമായി ആസൂത്രണം ചെയ്യപ്പെടേണ്ടതുണ്ട്.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെയും കാലാവസ്ഥാ വ്യതിയാനം, ദുരന്തനിവാരണം എന്നി മേഖലകളിലെ വിദഗ്ധരുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ശില്പശാല വികേന്ദ്രീകൃതമായ ദുരന്തനിവാരണ ആസൂത്രണത്തിനും മുന്നൊരുക്കങ്ങൾക്കും സഹായിക്കും എന്ന് മന്ത്രി പറഞ്ഞു. ചടങ്ങിൽ സമേതി ഡയറക്ടർ മിനി റ്റി,ടോം അഗസ്റ്റിൻ, ഡിപ്പാർട്ട്മെൻ്റ് ഓഫ് എൻവിയോൺമെൻ്റ & ക്ലൈമറ്റ് ചെയ്ഞ്ച് പ്രതിനിധി മോഹനചന്ദ്രൻ സമേതി ഡെപ്യൂട്ടി ഡയറക്ടർ ഡോ. കവിത എന്നിവർ പങ്കെടുത്തു.

# മഴക്കാല വിളപരിപാലന മുന്നൊരുക്കങ്ങൾക്കായി കാർഷിക ഉദ്യോഗസ്ഥ – ശാസ്ത്രജ്ഞ മുഖാമുഖം സംഘടിപ്പിച്ചു

പാലക്കാട് ജില്ലയിലെ കർഷകർ ഒന്നാം വിളക്ക് ഒരുങ്ങുന്ന സാഹചര്യത്തിൽ ജില്ലയിലെ വിവിധ പഞ്ചായത്തുകയിലെ കൃഷിവകുപ്പ് ഉദ്യോഗസ്ഥരും ബ്ലോക്ക് കൃഷി അസിസ്റ്റൻ്റ് ഡയറക്ടർമാരും കേരളകാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരും മുഖാമുഖത്തിൽ പങ്കെടുത്തു. പ്രദേശിക ഗവേഷണ കേന്ദ്രം പട്ടാമ്പിയും കൃഷി വിജ്ഞാനകേന്ദ്രം പാലക്കാടും ആത്മ പാലക്കാടും സംയുക്തമായാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ചടങ്ങിൽ Dr. സുമിയ കെ. വി. സ്വാഗതവും ആത്മ പ്രൊജക്റ്റ് ഡയറക്ടർ ശ്രീമതി ഷീന എസിൻ്റെ അദ്ധ്യക്ഷതയിൽ മദ്ധ്യമേഖല അസ്സോസിയേറ്റ്ഡയറക്ടർ ഓഫ് റിസർച്ച് Dr. രാജി പി. ഉദ്ഘാടനവും ആത്മ പ്രിൻസിപൽ അഗ്രിക്കൾച്ചർ ഓഫീസർ ശ്രീ അറുമുഖ പ്രസാദ് പ്രത്യേക അഭിസംബോധനയും Dr. തുളസി വി. നന്ദിയും നിർവഹിച്ചു.മഴക്കാലത്തിന്റെ മുന്നോടിയായി നടത്തേണ്ടുന്ന കാർഷിക മുറകളെകുറിച്ചുള്ള അറിവ് കർഷകരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് മുഖാമുഖം സംഘടിപ്പിച്ചത്. മുഖാമുഖത്തിൽ നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, സുഗന്ധവിളകൾ, അഗ്രോ ഫോറെസ്റ്ററി, മൂല്യവർദ്ധനവ് എന്നീ വിഷയങ്ങളിൽ ക്ലാസ്സുകളും സംശയ നിവാരണവും നടന്നു. മഴക്കാല വിള പരിപാലനത്തെകുറിച്ച് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ മുഖേന കർഷകരിലേക്ക് എത്തിക്കാനുള്ള കാർഷിക നിർദേശങ്ങൾ കൃഷിവകുപ്പിന് കൈമാറി. കൂടാതെപാലക്കാട് ജില്ലക്കായുള്ള കൃഷി മാർഗ്ഗങ്ങൾക്കായി പുതിയ പാലക്കാട് പാക്കേജും കർഷകർക്കായി സമർപ്പിച്ചു .

# പരിസ്ഥിതി സൗഹൃദ കൃഷിയിലൂടെ ഭക്ഷ്യ സുരക്ഷയും സുസ്ഥിരവികസനവും കാലഘട്ടത്തിൻറെ ആവശ്യം : കൃഷിമന്ത്രി




വെള്ളായണി കാർഷിക കോളേജിലെ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളും അന്താരാഷ്ട്ര കാർഷിക സെമിനാറും കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ ഗ്രാമങ്ങളൊക്കെയും നഗരവൽക്കരിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള പരിസ്ഥിതി സൗഹൃദ നഗര കേന്ദ്രീകൃത കൃഷി ഭക്ഷ്യ സുരക്ഷയ്ക്കും സുസ്ഥിര വികസനത്തിനും ആവശ്യമാണെന്ന് മന്ത്രി പറഞ്ഞു. വെള്ളായണി കാർഷിക കോളേജ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, അച്യുതമേനോൻ ഫൗണ്ടേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് "സുസ്ഥിര നഗര കൃഷിക്കുള്ള നൂതന നയങ്ങളും സാമൂഹിക സമീപനങ്ങളും" എന്ന വിഷയത്തിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചത്.

കാർഷിക കോളേജ് ഫാക്കൽട്ടി ഡീൻ ഡോ. റോയ് സ്റ്റീഫൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ, നോർവീജിയൻ യൂണിവേഴ്സിറ്റി ഓഫ് ലൈഫ് സയൻസ് പ്രൊഫസർ ടൈൻ ഹോഫ് ഈഡെ മുഖ്യ അതിഥിയായിരുന്നു. കേരള കാർഷിക സർവകലാശാലയും നോർവീജിയൻ യൂണിവേഴ്സിറ്റിയും ചേർന്നുകൊണ്ട് നഗര കൃഷിയുമായി ബന്ധപ്പെട്ട പുതിയ കോഴ്സുകൾക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും തുടക്കം കുറിക്കും എന്ന് പ്രൊഫസർ ടൈൻ പറഞ്ഞു. ചടങ്ങിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം പ്രൊഫ. രാംകുമാർ, കാർഷിക സർവകലാശാല എക്സിക്യൂട്ടീവ് കൗൺസിൽ അംഗം ഷിബു എസ് എൽ, അക്കാദമിക് കൗൺസിൽ അംഗം റഫീക്കർ എം, പ്രാദേശിക ഗവേഷണ കേന്ദ്രം മേധാവി ഡോ. ശാലിനി പിള്ള, അച്യുതമേനോൻ ഫൗണ്ടേഷൻ സെക്രട്ടറി എൻ. ഷണ്മുഖൻ പിള്ള, അന്താരാഷ്ട്ര സെമിനാർ ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ജി.എസ്. ശ്രീദയ എന്നിവർ സംസാരിച്ചു.

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തുടർന്നുള്ള ദിവസങ്ങളിൽപിംഗ് പോങ് ക്ലബ് ഉദ്ഘാടനം, ഇൻഡസ്ട്രി അക്കാദമിയ മീറ്റ്, പ്ലാറ്റിനം ജൂബിലി മീറ്റ്, കാർഷിക ശാസ്ത്ര പ്രദർശന മേള, കാർഷിക സെമിനാറുകൾ, കലാസന്ധ്യ, ഭക്ഷ്യമേള എന്നിങ്ങനെ വിവിധ പരിപാടികൾ കാർഷിക കോളേജിൽ ഉണ്ടായിരിക്കും.



# കേരളത്തിനാവശ്യം ഭക്ഷ്യസാക്ഷരത : കൃഷിമന്ത്രി പി പ്രസാദ്

## അകലക്കുന്നിൽ ഡിജിറ്റൽ കാർഷിക വിപണിക്ക് ആരംഭം




കേരളത്തിൽ സുരക്ഷിതമായ ഭക്ഷണശീലം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യ സാക്ഷരത ആവശ്യമാണെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. അകലകുന്നം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ഡിജിറ്റൽ കാർഷിക വിപണി ഉദ്ഘാടനം സംസാരിക്കുകയായിരുന്ന മന്ത്രി. കലാ കായിക പ്രവർത്തനങ്ങൾക്ക് ക്ലബുകൾ രൂപീകരിക്കുന്നത് പോലെ ശരിയായ ഭക്ഷണശീലം നടപ്പിൽ വരുത്തുന്നതിന് നാട്ടിലുടനീളം ഫുഡ് ക്ലബ്ബുകൾ രൂപീകരിക്കണമെന്നും മന്ത്രി പറഞ്ഞു. കേരളം സ്മാർട്ട് ഫാമിംഗിലേക്ക് മാറുകയാണ്. ഡ്രോൺ ഉപയോഗിച്ച് വിത്ത് വിതയ്ക്കുന്നതിലൂടെയും മരുന്നുതളിക്കുന്നതിലൂടെയും കർഷകർക്ക് കാർഷിക ചിലവ് ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചുവെന്നും മന്ത്രി പറഞ്ഞു. കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി കർഷകർക്ക് കൂടുതൽ സാമ്പത്തിക നേട്ടം ലഭിക്കുന്ന സെക്കണ്ടറി കാർഷിക മേഖലയിലെക്ക് കേരളം മാറി. അതിലൂടെ കാർഷികോൽപന്നങ്ങളുടെ വില നിർണയിക്കാനുള്ള അധികാരം കർഷകന് ലഭിച്ചുവെന്നും മന്ത്രി പറഞ്ഞു.

പാമ്പാടി ഗവൺമെൻറ് ആർ ഐടിയുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത ഫാം കാർട്ട് എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയാണ് ഡിജിറ്റൽ കാർഷിക വിപണി സാധ്യമാക്കിയത്.ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും സാധിക്കും. അകലക്കുന്നം ഗ്രാമ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽചാണ്ടി ഉമ്മൻ എംഎൽഎ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഹേമലത പ്രേംസാഗർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബെറ്റി റോയ്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സിന്ധു അനിൽകുമാർ, വൈസ് പ്രസിഡൻറ് മാത്തുക്കുട്ടി ഞായറുകുളം, ജില്ലാ പഞ്ചായത്തംഗം ജോസ്മോൻ മുണ്ടക്കൽ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ശ്രീലത ജയൻ, ജേക്കബ് തോമസ്, ജാൻസി ബാബു, ബ്ലോക്ക് പഞ്ചായത്ത് അംഗം ജോബി ജോമി, കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഡോ ലെൻസി തോമസ്, ജില്ലാ കൃഷി ഓഫീസർ നിഷ മേരി സിറിയക്, ആർ ഐ ടി പ്രിൻസിപ്പൽ ഡോ പ്രിൻസ് എ, അസിസ്റ്റൻറ് പ്രൊഫ കെ കെ നിഷ, കൃഷി ഓഫീസർ ഡോ രേവതി ചന്ദ്രൻ, പഞ്ചായത്ത് സെക്രട്ടറി സജിത്ത് മാത്യൂസ് തുടങ്ങിയവർ പങ്കെടുത്തു.



# എന്റെ കേരളം 2025 – നവകേരള കാർഷിക കാഴ്ചകളുമായി കൃഷിവകുപ്പ് പ്രദർശനസ്റ്റാൾ




രണ്ടാം പിണറായി സർക്കാരിന്റെ നാലാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് എറണാകുളം മറൈൻ ഡ്രൈവിൽ ആരംഭിച്ച എന്റെ കേരളം 2025 പ്രദർശന മേളയിൽ കൃഷി വകുപ്പ് ഒരുക്കിയ സ്റ്റാളുകൾ ശ്രദ്ധേയമായി. കൊച്ചി എം എൽ എ കെ ജെ മാക്സിയുടെ അധ്യക്ഷതയിൽ വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്ത മേളയിൽ തീം പവലിയനിൽ ഒരുക്കിയിരിക്കുന്ന കൃഷി വകുപ്പ് സ്റ്റാളിൽ ഡിജിറ്റൽ അഗ്രികൾച്ചർ മേഖലയിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന തരത്തിലാണ് സജ്ജീകരിച്ചിരിക്കുന്നത്. ഡ്രോൺ സംവിധാനത്തിന്റെ കൃഷിയിടത്തിലെ സാധ്യതകളെക്കുറിച്ച് കർഷകർക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിനും ഡ്രോൺ പ്രവർത്തനം അടുത്തറിയുന്നതിനുമായി ലൈവ് പ്രദർശനവും സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായ കേരളഗ്രോ ഉൽപ്പന്നങ്ങളുടെ പ്രദർശനവും മില്ലറ്റ് ഉൽപ്പന്നങ്ങളുടെ പ്രദർശനവും ഒരുക്കിയിട്ടുണ്ട്.

കാർഷിക സേവനങ്ങൾ ഒരു കുടക്കീഴിലാക്കി നിലവിൽ വന്ന കതിർ ആപ്പ് രജിസ്ട്രേഷൻ ഹെല്പ് ഡെസ്കും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന ഹെൽപ്പ് ഡസ്കുകളും തീം പവലിയനിൽ സജ്ജീകരിച്ചിട്ടുണ്ട്. വിളകളിലെ രോഗ കീട നിയന്ത്രണം സംബന്ധിച്ച് സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്ന പ്ലാന്റ് ഹെൽത്ത് ക്ലിനിക്കും പ്ലാന്റ് ഡോക്ടർ സേവനവും സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്. ഇതിന് പുറമെ 1500 സ്ക്വയർ ഫീറ്റിൽ ജില്ലാ കൃഷിവകുപ്പ് ഒരുക്കിയിരിക്കുന്ന നടീൽ വസ്തുക്കളുടെയും, കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും പ്രദർശന വിപണന മേളയും പൊതുജന പങ്കാളിത്തം കൊണ്ട് ഉദ്ഘാടന ദിവസം തന്നെ സജീവമായി. പ്രദർശന വിപണനമേള മേയ് 23ന് സമാപിക്കും.

## ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് കാർഷിക പരിശീലന കേന്ദ്രം ഉദ്ഘാടനം





## കാർഷിക നിർദ്ദേശങ്ങൾ

# നെല്ല്



- വെള്ളപ്പൊക്കം മൂലം നെൽകൃഷിക്ക് കേടുപാടുകൾ സംഭവിക്കാനുള്ള സാധ്യത. നെൽവയലുകളിൽ നീർവാർച്ച ഉറപ്പാക്കുക. വരമ്പുകൾ ശക്തിപ്പെടുത്തുക.

# തെങ്ങ്



- തെങ്ങിന്റെ കൂമ്പ് ചീയൽ നിയന്ത്രിക്കാൻ രോഗം ബാധിച്ച ഭാഗം മുറിച്ചു മാറ്റി 10 ശതമാനം വീര്യമുള്ള ബോർഡോ കുഴമ്പു തേച്ച് മഴ ഏൽക്കാതെ സംരക്ഷിക്കുക

# വാഴ



- വെള്ള കെട്ടുള്ള തോട്ടങ്ങളിലാണ് മാണം അഴുകൽ കാണുന്നത്. നിർ വാർച്ച ഉറപ്പു വരുത്തുക വാഴക്കന്ന് പ്സ്യൂഡോമോണാസ് ലായനിയിൽ 20 ഗ്രാം /ലീറ്റർ മുക്കി വെച്ചതിനു ശേഷം നടാം

# പടവലം



- പടവലത്തിൽ മിൽഡ്യൂ auSeag നിയന്ത്രിക്കാൻ മാങ്കോസെബ് 50 % 4 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ തളിക്കുക

# തക്കാളി



- തക്കാളിയിലെ കടചീയൽ രോഗത്തിനെതിരേ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളതിൽ നേർപ്പിച്ചു ചുവട്ടിൽ ഒഴിച്ചുകൊടുക്കുക

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh